# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 78** — **02.12.2015 ലെ മറുപടിക്ക്**

## സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായുള്ള കരാർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 2015-16 വർഷത്തെ എം.ബി.ബി.എസ്. പ്രവേശനത്തിൽ സർക്കാരുമായി എഗ്രിമെന്റ് വെയ്ക്കാത്ത കോളേജുകൾക്ക് അംഗീകാരം നൽകാതിരിക്കലും നൽകിയിട്ടുള്ള സൗകര്യങ്ങൾ പിൻവലിക്കുന്നതുമുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുമെന്ന് സഭയിൽ നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ മെഡിക്കൽ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) പാലിച്ചിട്ടുണ്ട്. 2015-16 വർഷം സർക്കാർ പുറത്തിറക്കിയ മെഡിക്കൽ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിൽ ഉൾപ്പെട്ടിട്ടുള്ള ഒരു സ്വാശ്രയ മെഡിക്കൽ കോളേജ് മാത്രമാണ് ന്യൂനപക്ഷ പദവിയുടെ പിൻബലത്തിൽ സർക്കാരുമായി കരാറിലേർപ്പെടാതെ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയിട്ടുള്ളത്. ഈ മെഡിക്കൽ കോളേജിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി Kerala Professional Colleges or institutions (Prohibition of capitation fee, regulation of admission, fixation of non-exploitative fee and other measures to ensure equity and excellence in professional education) Act 2006 (Act 19 of 2006) ലെ 14 (1) വ്യവസ്ഥ പ്രകാരം നോട്ടീസ് നൽകുകയും പ്രസ്തുത കോളേജിലെ പ്രവേശനം ന്യൂനപക്ഷ പദിവിക്കനുസൃതമായാണോ നടത്തിയിട്ടുള്ളതെന്ന് വിലയിരുത്തുവാൻ മിന്നൽ പരിശോധനകൾ നടത്തുവാനായി |

അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ മുൻവർഷം സർക്കാരുമായി കരാറിലേർപ്പെടാതെ മാറിനിൽക്കുന്ന മറ്റ് അഞ്ച് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെയും നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

| | |
|---|---|
| (ബി) ഏതെങ്കിലും സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തുകയുണ്ടായോ; എങ്കിൽ അവ ഏതൊക്കെയെന്നും പ്രവേശനത്തിന് അവ സ്വീകരിച്ച രീതിയും അറിയിക്കുമോ; | (ബി) ന്യൂനപക്ഷ പദവിയുള്ള താഴെ പറയുന്ന 6 സ്വാശ്രയ കോളേജുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തിയിട്ടുണ്ട്.<br>1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം.<br>2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം.<br>3. അസീസിയ മെഡിക്കൽ കോളേജ്, കൊല്ലം.<br>4. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, കോഴിക്കോട്.<br>5. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ.<br>6. കരുണ മെഡിക്കൽ കോളേജ്, പാലക്കാട്<br><br>പ്രവേശനത്തിനായി സ്വന്തം നിലയ്ക്ക് പ്രോസ്പെക്ടസ് തയ്യാറാക്കുകയും ആയതിന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയശേഷം പ്രസ്തുത പ്രോസ്പെക്ടസിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രവേശനം നടത്തിയെന്നുമാണ് മനസ്സിലാകുന്നത്. |

(സി) ന്യൂനപക്ഷ പദവിയുള്ള ചില സ്വാശ്രയ മെഡിക്കൽ കോളേജുകൾ വൻതുക കോഴ വാങ്ങിയതായി സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ ആരോഗ്യ സർവ്വകലാശാല സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സർക്കാരിനെ അറിയിച്ചിട്ടില്ല.

(ഡി) കരാറിൽ ഏർപ്പെട്ട സ്വകാര്യ സാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് ഘടന വിശദമാക്കുമോ; വ്യത്യസ്ത കോളേജുകൾക്ക് വ്യത്യസ്ത രീതിയിലുള്ള ഫീസ് വാങ്ങാൻ അനുമതി നൽകിയിരിക്കുന്നതിന്റെ മാനദണ്ഡം അറിയിക്കുമോ?

(ഡി) സർക്കാരുമായി കരാറിലേർപ്പെടുന്ന സ്വാശ്രയ മാനേജ്മെന്റുകൾക്ക് കീഴിലുള്ള മാനേജ്മെന്റ് ക്വാട്ടാ സീറ്റുകൾക്ക് രൂപ 8,50,000/- (രൂപ എട്ടുലക്ഷത്തി അമ്പതിനായിരം മാത്രം) ആണ് വാർഷിക ഫീസായി നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ നിർധനരായ വിദ്യാർത്ഥികൾക്ക് അഞ്ചു വർഷത്തെ പഠനം പൂർത്തിയാക്കുന്നതിനായി സ്കോളർഷിപ്പ് നൽകാമെന്ന വ്യവസ്ഥയിൽ കരാറിലേർപ്പെട്ട ക്രിസ്ത്യൻ മാനേജ്മെന്റുകൾക്ക് എല്ലാ വിഭാഗം വിദ്യാർത്ഥികളിൽ നിന്നും ഒരേ ഫീസ് ഈടാക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

**No.23442/S3/2014/H&FWD(ii)**

**Health & Family Welfare (S) Department**
**Thiruvananthapuram, 02.05.2015.**

From

The Secretary to Government

To

The Secretary,
Medical Council of India,
New Delhi.

Sir,

Sub:- Health and Family Welfare Department-Medical Education Service – Admission in Self Financing Medical/Dental Colleges (2014-15), Colleges not entered in to consensual agreement with Government-with drew the facilities given to the colleges for the study purpose of students-Reg:

Ref:- G.O(Rt)No. 810/2015/H&FWD dated 10.03.2015

Government have requested the Managements of Self Financing Medical and Dental Colleges in the State to enter into consensual agreement for sharing of 50% merit quota seats and finalization of the fee structure for MBBS/BDS courses for the academic year 2014-15 as done in previous years, preferrably before 23rd of June 2014 in order to enable the Commissioner for Entrance Examinations to allot students to the institutions in the 1st round of counselling itself.

Accordingly, some of the Managements of Self Financing Medical/Dental Colleges have entered into consensual agreements with Government. But certain institutions have kept aloof from entering into agreement with Government for sharing of seats.

As some of the Self Financing Colleges not entered into a consensual agreement with Government, notices were issued directing them to enter into the agreement before 31st July 2014, failing which the facilities to be provided to those Colleges would be on the basis of such agreement viz; the clinical training to the students in Government institutions, autopsy perceiving facilities, supply of cadaver etc, will be withdrawn. Yet, certain institution did not turn up. Accordingly, Government withdrawn the facilities given to the aforesaid institutions as per the Government Order cited.

In the circumstances you are requested to ensure that the said institutions have made alternate arrangements during the periodical inspections, and to take appropriate action against the institution where deficiency is found.

Yours faithfully,

**D.SHAJI**
**ADDITIONAL SECRETARY**
**For Secretary to Government.**

Approved for issue

Section Officer